# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: ഷീബ ജോർജ്ജ് IAS)

തിരുവനന്തപുരം

ഉത്തരവ് നം.: E4-17623/18. തീയതി: 13.8.2019

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും അറ്റൻഡർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സാമൂഹ്യനീതി ഡയറക്ടറുടെ 28.12.18ലെ മേൽ നമ്പർ പരിപത്രം.
2. വിവിധ കാര്യാലയമേധാവികൾ മുഖാന്തിരമുള്ള ജീവനക്കാരുടെ അപേക്ഷകൾ.
3. സാമൂഹ്യനീതി ഡയറക്ടറുടെ 1.7.2019ലെ ഇ3-7781/19 നം.ഉത്തരവ്.
4. സാമൂഹ്യനീതി ഡയറക്ടറുടെ 29.10.2015ലെ E9-18660/15 നം. ഉത്തരവ്.

സാമൂഹ്യനീതി ഡയറക്ടറേറ്റിൽ അറ്റൻഡർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാരിയ്ക്ക് മൂന്നാം പരാമർശിത ഉത്തരവ് പ്രകാരം ക്ലറിക്കൽ അറ്റൻഡർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ചിട്ടുള്ളതിനാൽ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ അറ്റൻഡർ തസ്തികയിൽ ഒഴിവുണ്ടായിരിക്കുന്നു. പ്രസ്തുത ഒഴിവിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് പരാമർശം (1), (2) എന്നിവ പ്രകാരം വനിത ശിശുവികസന ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ഹരികുമാർ.എ പരാമർശം (4) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റ് (ക്രമ നം.47) അർഹനാണെന്ന് കാണുന്നു.

ഈ സാഹചര്യത്തിൽ ശ്രീ.ഹരികുമാർ.എയ്ക്ക് കേരള സർവ്വീസ് ചട്ടം 28A(i) അനുസരിച്ച് 17000-37500/- രൂപ ശമ്പള സ്കെയിലിൽ അറ്റൻഡർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരനെ ബന്ധപ്പെട്ട കാര്യാലയ മേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

ശ്രീ. ഹരികുമാർ. എ, ഓഫീസ് അറ്റൻഡന്റ്.

പകർപ്പ്:
1. വനിത-ശിശുവികസന ഡയറക്ടർ
2. ഇ1 മുതൽ ഇ6 വരെ / സ്പെഷ്യൽ സെൽ.
3. ബന്ധപ്പെട്ട ട്രഷറി ഓഫീസർ.
4. സ്റ്റോക്ക് ഫയൽ/ സ്പെയർ.

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

db@